# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 07/2021
# 10.10.2021 എ.കെ. ജി.സി.ടി ഭവൻ

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിംഗ്
3. ജില്ലാ റിപ്പോർട്ടിംഗ്
4. റിട്ടേഡ് ടീച്ചേഴ്സ് കോപ്പറേറ്റീവ് വെൽഫെയർ സൊസൈറ്റി
5. ഉന്നതവിദ്യാഭ്യാസ കൗൺസിൽ സമീപനരേഖ
6. എം.ബി.ടി.
7. സംഘശബ്ദം
8. വനിതാ സബ്കമ്മിറ്റി
9. അക്കാദമിക് കമ്മിറ്റി

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. എം. സത്യൻ, മഞ്ജുള കെ. വി., രജിത സി. ആർ., ഡോ. സുനിത എ. പി., സൗമ്യ എസ്., സോബിൻ വർഗീസ് എം. വി., ദിനേശ് പി. കെ., ഡോ. വിഷ്ണു വി.എസ്., സുശാന്ത് ബി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, രാജു. എം. സി., ശശി സി. ടി., സജിത്ത് കുമാർ പി., ഡോ. റോസ്നികസ് പി. കെ., അബ്ദുൾ റഷീദ്, ഡോ. എം. എസ്. മുരളി, ഡോ. ബി. അശോക്, രഘുദാസ് പി. വി., ആൽബർട്ട് ആന്റണി, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എ. അസ്കർ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. അലിക്കുട്ടി സി., ഡോ. ഷജില ബീവി, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. സെനോ ജോസ്, ഡോ. മാണിക്യരാജ് കെ., ഡോ. സുമിജോയി ഒലിയപ്പുറം.

രാവിലെ 10ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. എൻ മനോജ് ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. എം. സത്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ഡോ. മുഹമ്മദ് റഫീഖ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

കെ.എസ്.കെ.ടി.യു മുതിർന്ന നേതാവ് പയ്യന്നൂർ വേലായുധൻനായർ, കവിയും ചലച്ചിത്ര ഗാനരചയിതാവുമായ പുലമൈ പിത്തൻ, ഫ്രഞ്ച് നവതരംഗ സിനിമയുടെ മുഖമായി മാറിയ വിഖ്യാതതാരം ഴാങ് പോൾ ബെൽമുന്തോ, മൃദംഗവിദ്വാൻ കൊങ്ങോർപ്പിള്ളി പരമേശ്വരൻ നമ്പൂതിരി, ലോകപ്രശസ്ത ഭൗതികശാസ്ത്രജ്ഞൻ പ്രൊഫസർ താണു പത്മനാഭൻ, ഔഷധി ചെയർമാനും കാർഷിക സർവകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. കെ ആർ വിശ്വംഭരൻ, ചലച്ചിത്രതാരം റിസബാവ, സിപിഐ(എം) ത്രിപുര സംസ്ഥാന സെക്രട്ടറിയും കേന്ദ്ര കമ്മിറ്റി അംഗവുമായ ഗൗതം ദാസ്, മുതിർന്ന മാധ്യമ പ്രവർത്തകൻ എം പി പ്രകാശം, മുൻ കേന്ദ്ര മന്ത്രി ഓസ്കാർ ഫെർണാണ്ടസ്, കാഥികനും നാടകനടനും ആയ മുകുന്ദൻ പിള്ള എന്ന കൊല്ലം ബാബു, സിനിമ സീരിയൽ നടൻ രമേശ് വലിയശാല,

പോർച്ചുഗൽ മുൻ പ്രസിഡൻറ് ജോർഗേ സാംപയോ, ബാലസാഹിത്യകാരൻ രാജൻ മൂത്തകുന്നം, ശാസ്ത്ര സാഹിത്യ പരിഷത്ത് മുൻ ജനറൽ സെക്രട്ടറിയും സാംസ്കാരിക പ്രവർത്തകനുമായ വി കെ ശശിധരൻ, പ്രശസ്ത കാർട്ടൂണിസ്റ്റ് യേശുദാസൻ, ഉത്തർപ്രദേശ് കർഷക സമരത്തിനിടയിൽ മരണമടഞ്ഞവർ, കോവിഡ് മഹാമാരിയിൽ അകപ്പെട്ട് നമ്മെ വിട്ടുപിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

ഏറെ നാളുകൾക്കു ശേഷമാണ് നമ്മൾ നേരിട്ട് സംഘടനാ ഓഫീസിൽ ഒരു യോഗം ചേരുന്നത്. ഇതിൽ എത്തിച്ചേർന്നിരിക്കുന്ന മുഴുവൻ സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങളെയും സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ കമ്മിറ്റിക്ക് ശേഷം നമ്മൾ എടുത്തതീരുമാനപ്രകാരം യൂണിറ്റ് വിസിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ സെപ്റ്റംബർ ആറിന് 18 സർവ്വകലാശാല കേന്ദ്രങ്ങളിൽ എ.കെ.ജി.സി.ടി., എ.കെ.പി.സി.ടി.എ., എഫ്.യു.ടി.എ. എന്നിവയുടെ ആഭിമുഖ്യത്തിൽ സംയുക്ത ധർണ നടത്തി. പേ റിവിഷൻ അരിയർ അധ്യാപകർക്ക് ലഭിക്കുന്നത് സംബന്ധിച്ച് ട്രഷറി ഓഫീസർമാർ തടസ്സവാദം ഉന്നയിച്ചിരുന്നു. ഇതിൽ വ്യക്തത വരുത്തി കൊണ്ടുള്ള ഉത്തരവ് സെപ്തംബർ 16ന് പുറത്തിറങ്ങി. മെമ്പർഷിപ്പ് പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ളവിശദമായ റിപ്പോർട്ടിംഗ് ട്രഷറർ നടത്തുന്നതാണ്.

പ്രിൻസിപ്പൽ നിയമനം എത്രയും പെട്ടെന്ന് നടത്താൻ വേണ്ട ഇടപെടൽ സംഘടനയുടെ ഭാഗത്തുനിന്നും നടത്തിവരുന്നു. ഓപ്ഷൻ ബി പ്രകാരം പ്ലെയിസ്മെൻറ് അനുവദിച്ചു കിട്ടുന്നതിനും, 23.02.2016ന് മുമ്പുള്ള വരുടെ പ്ലെയിസ്മെന്റിനു എയ്ഡഡ് കോളേജ് അധ്യാപകർക്ക് ലഭിച്ച ആനുകൂല്യം സർക്കാർ കോളജ് അധ്യാപകർക്കും ലഭിക്കുന്നതിനു വേണ്ട നീക്കം സജീവമായി തുടർന്നുവരുന്നു. പ്രൊഫസർ പ്ലെയിസ്മെൻറിന് അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 31ലേക്ക് ദീർഘിപ്പിച്ചു കൊണ്ടുള്ള ഡയറക്ടറുടെ സർക്കുലർ പുറത്തിറങ്ങി.

കോളേജുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 8ന് സർവ്വീസ് സംഘടനകളുടെ യോഗം ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി വിളിക്കുകയും പത്താം തീയതി പ്രിൻസിപ്പൽമാരുടെയും ,മാനേജ്മെന്റ് പ്രതിനിധികളുടെയും യോഗം വിളിക്കുകയും ചെയ്തു. ബഹു ഉന്നതവിദ്യാഭ്യാസമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ കോളേജ് തുറക്കുന്നു മായി ബന്ധപ്പെട്ട് സംഘടന കൃത്യമായ നിലപാടുകൾ അറിയിച്ചിട്ടുണ്ട്. ആ നിലപാടുകൾ കൂടി ഉൾപ്പെടുത്തി കൊണ്ടാണ് പുതിയ ഉത്തരവ് ഇറങ്ങിയത്. മഹാരാജാസ് കോളേജിലെ പ്രശ്നങ്ങൾ വളരെ ഗൗരവമുള്ളതാണ്. അത് സംബന്ധിച്ച റിപ്പോർട്ടിംഗ് ജില്ലാ റിപ്പോർട്ടിങ് സമയത്ത് ജില്ലാ സെക്രട്ടറി നടത്തുന്നതാണ്. മറ്റൊന്ന് കോളേജ് തുറക്കുന്നതിന് മുന്നോടിയായി എഫ്.എൽ.ടി.സി.കളായി പ്രവർത്തിക്കുന്ന കലാലയങ്ങളെ അതിൽ നിന്നും ഒഴിവാക്കി നൽകണമെന്നും, സെക്ടറൽ മജിസ്ട്രേറ്റ് ചുമതല വഹിക്കുന്ന അധ്യാപകരെ അതിൽ നിന്നും വിടുതൽ ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിക്ക് സംഘടന കത്ത് നൽകിയിട്ടുണ്ട്. അതിൽ വേണ്ട ഇടപെടൽ നടത്തി വരുന്നു. കോവിഡ് കാലത്ത് കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ തിരിച്ചു നൽകാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. അതിനാൽ ടി.സി. വാങ്ങുന്ന സമയത്ത് ഫൈൻ നൽകേണ്ടുന്ന സ്ഥിതി

നിലനിന്നിരുന്നു. ഇത് കൃത്യമായി ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിയെ അറിയിക്കുകയും വേണ്ട ഇടപെടൽ നടത്തുകയും ചെയ്തു. ഇതിൻ്റെ ഫലമായി അധ്യാപകർക്കും വിദ്യാർഥികൾക്കും കോവിഡ്കാലത്തെ ഫൈൻ ഒഴിവാക്കിക്കൊണ്ട് ഉന്നതവിദ്യാഭ്യാസവകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്.

റിട്ടയേഡ് ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് നല്ല രീതിയിലുള്ള പ്രവർത്തനം നമുക്ക് കാഴ്ച വയ്ക്കേണ്ടതുണ്ട്. സൊസൈറ്റിയിൽ പരമാവധി അധ്യാപകർ മെമ്പർഷിപ്പ്എടുക്കുന്നതിനുള്ള പ്രവർത്തനം നടത്തണം.

എ.സി.എസ്.ആറിന്റെ ഡയറക്ടർ ആയിരുന്ന ഡോ. ഗ്രേഷ്യസ് ജെയിംസ് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ പരീക്ഷാ കൺട്രോളറായി നിയമിതനായിട്ടുണ്ട്. അതോടൊപ്പം തന്നെ യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പലും കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗവുമായിരുന്ന ഡോ. ബി. ഉണ്ണികൃഷ്ണൻ കൊല്ലം ഡി.ഡി ആയി ചുമതലയേറ്റിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ കൗൺസിൽ സെപ്റ്റംബർ 28, 29 തീയതികളിൽ നടത്തിയ ശിൽപശാലയിൽ സംഘടനയെ പ്രതിനിധീകരിച്ച് 6 അംഗങ്ങൾ പങ്കെടുത്തു. ഇതിനെപ്പറ്റി വിശദമായ ചർച്ച അജണ്ട എടുക്കുന്ന സമയത്ത് ഉണ്ടാകുന്നതാണ്.

നമ്മുടെ അംഗവും, ആറ്റിങ്ങൽ കോളേജിലെ ഹിന്ദിവിഭാഗം അധ്യാപികയുമായ ശ്രീമതി ധന്യ കാൻസർ ബാധ്യതയായി ചികിത്സയിലാണ്. ചികിത്സാക്കായി വലിയൊരു തുക ആവശ്യമാണെന്ന് അറിയുന്നു. ചികിത്സാസഹായമായി ഒരു തുക സമാഹരിച്ചു നൽകുന്നത് സംബന്ധിച്ചു ഇന്നത്തെ യോഗത്തിൽ തീരുമാനിക്കേണ്ടതുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. തുടർന്ന് ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും മറ്റു വിഷയങ്ങളിലും സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങൾ പങ്കെടുത്ത് വിശദമായ ചർച്ച നടന്നു. തുടർന്ന് ഓരോ അജണ്ടയിൻമേലും വിശദമായ ചർച്ച നടന്നു. ഇതേതുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. ഉന്നതവിദ്യാഭ്യാസരംഗത്ത് 5 വർഷക്കാലം കൊണ്ട് സർക്കാർ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ സംബന്ധിച്ച് ഹയർ എജുക്കേഷൻ കൗൺസിൽ തയ്യാറാക്കിയ കരട് സമീപനരേഖ എ.കെ.ജി.സി.ടി. സംസ്ഥാന അക്കാദമിക്കമ്മിറ്റിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് സംഘടനയുടെ അഭിപ്രായം കേരള സർക്കാരിനും കമ്മീഷനും നൽകാൻ തീരുമാനിച്ചു.
2. ഡി.എ. കുടിശ്ശിക ലഭിക്കുന്നതിനായി ധനകാര്യ വകുപ്പിന് വീണ്ടും കത്ത് നൽകാനും സജീവമായി ഇടപെടാനും തീരുമാനിച്ചു.
3. അറബിക് അധ്യാപകരുടെ പ്രശ്നത്തിൽ വീണ്ടും ഇടപെടാൻ തീരുമാനിച്ചു.
4. മ്യൂസിക് കോളേജ് അധ്യാപകർക്ക് യുജിസി സ്കെയിൽ ലഭിക്കുന്നതിന് വേണ്ട ഇടപെടൽ നടത്താൻ തീരുമാനിച്ചു.
5. വർക്ക് ലോഡ് സംബന്ധിച്ച് പുനക്രമീകരണം നടത്തുന്നതിന് സംഘടനയുടെ ഇടപെടൽ സജീവമായി ഉണ്ടാകും.
6. സംഘശബ്ദം ഈ മാസം തന്നെ പുറത്തിറക്കാൻ തീരുമാനിച്ചു. സംഘശബ്ദത്തിന്റെ ഒരു പതിപ്പ് (മാർച്ച്) വനിതാപതിപ്പായി പുറത്തിറക്കാൻ തീരുമാനിച്ചു.
7. പ്രിൻസിപ്പൽ നിയമനം ഉടൻ തന്നെ നടത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്താനും, ഫിസിക്കൽ എജുക്കേഷൻ അധ്യാപകരെ കൂടി പ്രിൻസിപ്പൽ

നിയമനത്തിൽ പരിഗണിക്കാൻ വേണ്ട ഇടപെടൽ സർക്കാർതലത്തിൽ നടത്താനും തീരുമാനിച്ചു.

8. എ.കെ.ജി.സി.ടി. എറണാകുളം ജില്ലാ സെക്രട്ടറിയുടെ മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന് എതിരായ പരാതിയിൽ വേണ്ട ഇടപെടൽ നടത്താനും തീരുമാനിച്ചു.
9. നമ്മുടെ അംഗവും ഇപ്പോൾ ആറ്റിങ്ങൽ കോളേജിലെ ഹിന്ദി വിഭാഗം അധ്യാപികയുമായ ശ്രീമതി ധന്യ കാൻസർ ബാധ്യതയായി ചികിത്സയിലാണ്. ചികിത്സാസഹായമായി സംഘടനാ അംഗങ്ങളിൽ നിന്നും ഒരു തുക സമാഹരിച്ച് എത്രയുംവേഗം നല്കാൻ തീരുമാനിച്ചു.

യോഗം വൈകിട്ട് 4.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
10-10-2021

ഡോ. എം. സത്യൻ
ജനറൽ സെക്രട്ടറി